09/08/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS    Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/08/2025

1. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻബ്യൂറോ 2025 – 26 വർഷത്തിൽ **കൃഷിസമൃദ്ധിയിൽ എന്റെ കേരളം** എന്ന വിഷയത്തെ ആസ്പദമാക്കി **ഫോട്ടോഗ്രാഫി** മത്സരത്തിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൃഷി മൃഗസംരക്ഷണം ക്ഷീരവികസന മേഖലകളിലെ ജീവന്റെ തുടിപ്പുള്ള ഹൃദയസ്പർശിയായ ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്.

ഒന്നാം സമ്മാനം 25000 രൂപ

രണ്ടാം സമ്മാനം 15000/-രൂപ

മൂന്നാം സമ്മാനം 10000/-രൂപ

പ്രോത്സാഹന സമ്മാനം 2000/- രൂപ വീതം 10 പേർക്ക്

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, fibtvmphotography@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ 2025 ആഗസ്റ്റ് 15 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860, 9383470289 എന്നീ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൃഗസംരക്ഷണ മേഖലയിലെ മികച്ച കർഷകർക്ക് പുരസ്കാരങ്ങൾ നൽകുന്നു. സംസ്ഥാന തലത്തിൽ മികച്ച ക്ഷീരകർഷകന്, മികച്ച വാണിജ്യ ക്ഷീര കർഷകന്, മികച്ച സമ്മിശ്ര

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കർഷന് എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് 1 ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും നൽകും. മികച്ച പൗൾട്രി കർഷകന്, മികച്ച കർഷക/സംരംഭക, മികച്ച യുവകർഷകന് എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് 50,000 രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും നൽകുന്നതാണ്. കൂടാതെ ജില്ലാ തലത്തിൽ മികച്ച ക്ഷീര കർഷകന് 20,000 രൂപയുടെ ക്യാഷ് അവാർഡും, മികച്ച സമ്മിശ്ര കർഷകന് 10,000 രൂപയുടെ ക്യാഷ് അവാർഡും നൽകും. അപേക്ഷാ ഫോമുകൾ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. **അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 ഓഗസ്റ്റ് 20.** വിശദ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

3. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച കൃഷി യന്ത്രവത്കരണ പദ്ധതിയുടെ ഭാഗമായി കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിനും അഗ്രോ മെഷിനറി സർവീസ് ക്യാമ്പുകൾ നടത്തുന്നതിനും സർക്കാർ പദ്ധതി. ഓരോ ജില്ലകളിലും ഫാം മെഷിനറി ക്ലിനിക്കുകൾ സ്ഥാപിക്കാൻ 1.4 കോടി രൂപ ചെലവഴിക്കാൻ സർക്കാർ ഭരണാനുമതി നൽകി. കർഷകർക്കും സർവീസ് സെൻററുകൾക്കും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി സമയബന്ധിതവും ചെലവു കുറഞ്ഞതുമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ക്ലിനിക്ക് സ്ഥാപിക്കുന്നതിനൊപ്പം നിലവിലുള്ള വർക്ക്ഷോപ്പുകൾ നവീകരിക്കുകയും ചെയ്യും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## പരിശീലന പരിപാടി

1. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **ആഗസ്റ്റ് 12, 13** തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

2. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ **ഓഗസ്റ്റ് 11, 12 തീയതികളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ 'ആട് വളർത്തല് വ്യവസായികാടിസ്ഥാനത്തിൽ'** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കും. **ഓഗസ്റ്റ് ഒമ്പതിനകം 9447525485** നമ്പറിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാം.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ 13/08/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

4. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഗസ്റ്റ് മാസം ഓഗസ്റ്റ് 12 ന് ടർക്കികോഴി വളർത്തൽ, 20, 21 തീയതികളിൽ കറവപശു പരിപാലനം, 26 ന് മുയൽ വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0469 –2965535.

**കാർഷിക നിർദേശം**

1. തെങ്ങോലകൾക്ക് നല്ല പച്ചനിറം കിട്ടാനും തേങ്ങയിലെ എണ്ണ കൂട്ടുന്നതിനും തെങ്ങൊന്നിന് 500 ഗ്രാം വീതം മഗ്നീഷ്യം സൾഫേറ്റ് ചേർക്കുന്നത് നല്ലതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ചാല് കീറി നീർവാർച്ച മെച്ചമാക്കണം. തറനിരപ്പിൽ നിന്ന് ചുരുങ്ങിയത് ഒരു മീറ്റർ താഴെയാകണം ജലനിരപ്പ്. ചെരിവുള്ള തോട്ടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. മേൽമണ്ണ് നഷ്ടപ്പെടുമ്പോൾ മൂലകങ്ങളും ഫലപുഷ്ടിയുള്ള സൂക്ഷ്മജീവികളും നഷ്ടപ്പെട്ട് മണ്ണിന്റെ ഉല്പാദനക്ഷമത നശിക്കും. തെങ്ങിൻതോപ്പിലെ ഇടവിളകളെ സംരക്ഷിച്ച് അവയ്ക്കുള്ള വളങ്ങളും കൂടി ചേർക്കുകയാണെങ്കിൽ നാളികേര ഉല്പാദനം കൂടും.